(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് സംവരണം ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിർണ്ണയം സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കേന്ദ്ര ഗവൺമെന്റ് പൊതുവായ ഒരു സ്വാശ്രയ നിയമം നടപ്പാക്കിയിട്ടില്ല.

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ വിഹിതമായി നിശ്ചയിച്ച് കിട്ടുന്ന 50% സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുൾപ്പെടെ നിലവിലുള്ള സംവരണ തത്വം പാലിക്കപ്പെടുന്നുണ്ട്.

(സി & ഡി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായുള്ള കമ്മിറ്റിയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിന് 11-7-2005-ലെ ജി.ഒ.(എം.എസ്.) നം. 93/2005/ഉ.വി.വ. നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യവിതരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ നയം

23 [*62] ശ്രീ. മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വിതരണ രംഗത്ത് കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന നയം സംസ്ഥാനത്ത് നിലനിൽക്കുന്ന പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടാനുള്ള നിർദ്ദേശം രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷിതത്വത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എഫ്.സി.ഐ. ഗോഡൗണുകൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ഡി) ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണവും വിതരണവും സഹകാര്യ മേഖലയെ ഏൽപ്പിക്കുന്നതും ഭക്ഷ്യ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതും ഭക്ഷ്യ ധാന്യ കാട്ടയിൽ കുറവ് വരുത്തുന്നതും പൊതുവിതരണ സംവിധാനത്തെ തകർക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): .

(എ) 1-6-1997 മുതൽ കേന്ദ്ര സർക്കാർ നപ്പിലാക്കിയ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണവും വിതരണവും സഹകാര്യ മേഖലയെ ഏൽപ്പിക്കുന്നതു സംബന്ധിച്ചോ, ഭക്ഷ്യ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതും ഭക്ഷ്യ ധാന്യ കാട്ടയിൽ കുറവുവരുത്തുന്നതും സംബന്ധിച്ചോ നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

ബി.പി.എൽ., എ.പി.എൽ. തരംതിരിക്കൽ

24 [*63] ശ്രീ. ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര റേഷൻ കാർഡുടമകളാണ് ഇപ്പോഴുള്ളത്;

(ബി) ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരായ കാർഡുടമകളും ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരായ കാർഡുടമകളും എത്ര വീതമെന്ന് അറിയിക്കുമോ;

(സി) ഈ തരംതിരിക്കലിൽ സംഭവിച്ചുപോയിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly